സ്ഥാപിതം 1964

സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ – 680004

www.swathanthramandapam.com വാല്യം: 60 ലക്കം: 225 2025 ഡിസംബർ 16 ചൊവ്വ പേജ്: 2 വില: 1 രൂപ PHONE: 2384127, 2384558 E-mail: smdaily03@yahoo.co.in

ഇന്ന് പവന് ഒറ്റയടിക്ക് കുറഞ്ഞത് 1,120 രൂപ

കൊച്ചി: കേരളത്തിൽ ഇന്ന് സ്വർണവില കുറഞ്ഞു. ഗ്രാമിന് 140 രൂപയും പവന് 1,120 രൂപയുമാണ് കുറഞ്ഞത്. ഇതോടെ ഗ്രാമിന് 12,270 രൂപയും പവന് 98,160 രൂപയുമായി. ഇന്നലെ രണ്ടുതവണ സ്വർണവില കൂടി പവന് ഒരു ലക്ഷം രൂപയുടെ തൊട്ടരികിൽ എത്തിയിരുന്നു. രണ്ടുതവണയാണ് ഏറ്റവും ഉയർന്ന വിലയുടെ പുതിയ റെക്കോഡുകൾ കുറിച്ചത്. രാവിലെ സ്വർണം ഗ്രാമിന് 75 രൂപ വർധിച്ച് 12,350 രൂപയായിരുന്നു ഒരു ഗ്രാം സ്വർണത്തിന്റെ വില.

സ്വതന്ത്രമണ്ഡപം പത്രത്തിന്റെ ഓൺലൈൻസന്ദർശിക്കുക
Visit
Swathanthra Mandapam Online
www.swathanthramandapam.com

നാഷണൽ ഹെറാൾഡ് കേസിൽ രാഹുലിനും സോണിയയ്ക്കും താത്ക്കാലിക ആശ്വാസം

കോടതി കുറ്റപത്രം സ്വീകരിച്ചില്ല

ന്യൂഡൽഹി: നാഷണൽ ഹെറാൾഡ് കേസിൽ രാഹുൽ ഗാന്ധിയടക്കമുള്ളവർക്ക് താത്ക്കാലിക ആശ്വാസം. കള്ളപ്പണം വെളുപ്പിക്കൽ കേസിൽ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റിന്റെ കുറ്റപത്രം സ്വീകരിക്കാൻ ഡൽഹിയിലെ റോസ് അവന്യൂ കോടതി വിസമ്മതിച്ചു.

ബിജെപി നേതാവ് സുബ്രഹ്മണ്യൻ സ്വാമിയുടെ പരാതിയുടെ അടിസ്ഥാനത്തിലാണ് കേസ് ഫയൽ ചെയ്തിരിക്കുന്നതെന്നും എഫ്ഐആറിന്റെ അടിസ്ഥാനത്തിലല്ലെന്നും ചൂണ്ടിക്കാണിച്ചുകൊണ്ടാണ് എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റിന്റെ കുറ്റപത്രം കോടതി തള്ളിയത്.

ഡൽഹി പൊലീസിന്റെ സാമ്പത്തിക കുറ്റകൃത്യ വിഭാഗം ഈ കേസിൽ ഇതിനോടകം തന്നെ എഫ്ഐആർ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും, അതിനാൽ ഇഡിയുടെ വാദത്തിൽ ഇനി വിധി പറയുന്നത് വിവേകശൂന്യമാണെന്നും കോടതി ചൂണ്ടിക്കാട്ടി. അതേസമയം, ഇഡിയുടെ നടപടികൾ രാഷ്ട്രീയ പ്രേരിതവും നിയമപരമായി നിലനിൽക്കാത്തതുമാണെന്ന് കോൺഗ്രസ് നേതാക്കൾ പ്രതികരിച്ചു.

ഇപ്പോൾ പ്രവർത്തനരഹിതമായ നാഷണൽ ഹെറാൾഡ് പത്രത്തിന്റെ ഉടമസ്ഥരായ അസോസിയേറ്റഡ് ജേണൽസിന്റെ കോടികൾ വില വരുന്ന ആസ്തി സോണിയയും രാഹുലും ഡയറക്ടർമാരായ യംഗ് ഇന്ത്യൻ എന്ന കമ്പനി തട്ടിയെടുത്തുവെന്ന് കാണിച്ചാണ് സുബ്രഹ്മണ്യൻ സ്വാമി ഇഡിയ്ക്ക് പരാതി നൽകിയത്. നാഷണൽ ഹെറാൾഡ് ദിനപത്രത്തിന്റെ നടത്തിപ്പ് കമ്പനിയായിരുന്ന അസോസിയേറ്റഡ് ജേണൽസ് ലിമിറ്റഡ്.

ഇന്ത്യൻ നാഷണൽ കോൺഗ്രസിൽ നിന്ന് 90 കോടി രൂപ പലിശയില്ലാ വായ്പ എടുത്തിരുന്നു. ഈ തുക തിരിച്ചടയ്ക്കാതെ വന്നപ്പോൾ 2010ൽ അഞ്ചു ലക്ഷം രൂപ മൂലധനവുമായി രൂപീകരിച്ച യംഗ് ഇന്ത്യൻ എന്ന കമ്പനി 5000 കോടിയുടെ സ്വത്തുള്ള അസോസിയേറ്റഡ് ജേണൽസ് കമ്പനിയെ കൈവശപ്പെടുത്തിയെന്നാണ് ആരോപണം.

സന്നിധാനത്തെ കട്ടിളപ്പാളി സ്വർണമായിരുന്നു എന്നതിന് തെളിവ് മൊഴി മാത്രം;

സർക്കാരിന് കോടതിയുടെ രൂക്ഷവിമർശനം

കൊച്ചി: ശബരിമല സ്വർണക്കൊള്ള കേസിൽ സർക്കാരിന് കോടതിയുടെ രൂക്ഷവിമർശനം. മുൻ ദേവസ്വം ബോർഡ് കമ്മീഷണർ എൻ. വാസുവിന്റെ ജാമ്യഹർജി പരിഗണിക്കുന്നതിനിടയാണ് കോടതി കോടതി സർക്കാരിനെ വിമർശിച്ചത്. ശ്രീകോവിലിന്റെ കട്ടിളപ്പാളി 1998- ൽ സ്വർണം പൊതിഞ്ഞതായിരുന്നു എന്നത് സ്ഥിരീകരിക്കാനാവശ്യമായ രേഖകൾ കോടതിയിൽ ഹാജരാക്കാൻ തിരുവിതാംകൂർ ദേവസ്വം ബോർഡിനോ എസ്ഐടിക്കോ കഴിഞ്ഞില്ല. ഇതോടെയാണ് കോടതി സർക്കാർ നടപടികളെ ചോദ്യംചെയ്തത്.

കട്ടിളപ്പാളിയിൽ നിന്ന് സ്വർണം വേർതിരിച്ചെടുത്തു എന്ന് സ്മാർട്ട് ക്രിയേഷൻസിലെ പങ്കജ് ഭണ്ഡാരിയുടെ മൊഴി മാത്രമാണ് സർക്കാർ ഹൈക്കോടതിയിൽ സമർപ്പിച്ചത്. ഈ മൊഴിയല്ലാതെ മറ്റെന്തെങ്കിലും രേഖയുണ്ടോ എന്നും രേഖയില്ലെങ്കിൽ പിന്നെ കേസ് എങ്ങനെ നിലനിൽക്കുമെന്നും കോടതി ചോദിച്ചു.

സ്വർണം പൊതിഞ്ഞ കട്ടിളപ്പാളി ചെമ്പാക്കി ഉണ്ണികൃഷ്ണൻ പോറ്റിക്ക് സ്വർണം പൂശാൻ കൊടുത്തുവിട്ടു എന്ന കുറ്റത്തിനാണ് അന്നത്തെ ദേവസ്വം ബോർഡ് കമ്മീഷണർ ആയിരുന്ന എൻ. വാസു ജയിലിൽ കഴിയുന്നത്. തെളിവുകളുടെ അഭാവത്തിൽ കട്ടിളപ്പാളി നേരത്തെ സ്വർണം പൊതിഞ്ഞതാണെന്ന് ദേവസ്വം രേഖകളിൽ ഒരിടത്തും പറയുന്നില്ല എന്ന നിലപാടാണ് എൻ. വാസുവിന്റെ അഭിഭാഷകൻ സ്വീകരിച്ചിരിക്കുന്നത്.

എഫ്ഐആറിൽ കട്ടിളപ്പാളി മാത്രമാണ് കോടതി പരാമർശിച്ചതെങ്കിലും ശിവരൂപം, ആർച്ച, വ്യാളി, രാശി പ്ലേറ്റ്, ദശാവതാരം എന്നിവയും ഉൾപ്പെട്ടതാണെന്ന വാദമാണ് സർക്കാർ ഉയർത്തിയത്. എന്നാൽ, ഈ റിപ്പോർട്ട് മജിസ്ട്രേറ്റ് കോടതിയിലോ വിജിലൻസ് കോടതിയിലോ നൽകിയിട്ടില്ലെന്നും നിലവിൽ എഫ്ഐആർ പ്രകാരം കട്ടിളപ്പാളി തന്നെയാണ് പ്രധാന വിഷയമെന്നും ഹൈക്കോടതി ചൂണ്ടിക്കാട്ടി.



ശബരിമലയിൽ സ്വർണക്കൊള്ള നടന്ന 2019-ൽ എൻ. വാസു ദേവസ്വം ബോർഡ് കമ്മീഷണറായിരുന്നു. കട്ടിളപ്പാളിയിലെ സ്വർണപ്പാളികൾ ചെമ്പാണെന്ന് എഴുതാൻ കമ്മിഷണറായിരുന്ന വാസു 2019 മാർച്ച് 19-ന് നിർദേശം നൽകിയെന്ന് സ്ഥിരീകരിച്ചതിനെ തുടർന്നാണ് വാസുവിനെ കേസിൽ മൂന്നാം പ്രതിയാക്കിയത്. മാർച്ച് 31-ന് കമ്മിഷണർസ്ഥാനത്തുനിന്ന് വാസു മാറിയിരുന്നു. പിന്നീട് എ. പത്മകുമാറിന് പിന്നാലെ ദേവസ്വം ബോർഡ് പ്രസിഡന്റായി.

എൻ. വാസു പ്രസിഡന്റായിരിക്കെയാണ് സ്വർണംപൂശൽ കഴിഞ്ഞശേഷം ഉണ്ണികൃഷ്ണൻ പോറ്റിയുടെ വിവാദ ഇ-മെയിൽ സന്ദേശം ലഭിച്ചത്. സ്വർണം പൂശൽ കഴിഞ്ഞശേഷവും സ്വർണം ബാക്കിയുണ്ടെന്നും ഇത് ഒരു പെൺകുട്ടിയുടെ വിവാഹത്തിന് ചെലവഴിക്കട്ടേയെന്നും ചോദിച്ചായിരുന്നു പോറ്റിയുടെ ഇ-മെയിൽ സന്ദേശം.

എന്നാൽ, ഇതുസംബന്ധിച്ച് വാസു നൽകിയ വിശദീകരണം തൃപ്തികരമായിരുന്നില്ല. ഇമെയിൽ സന്ദേശം താൻ മറ്റുള്ളവർക്ക് ഫോർവേഡ് ചെയ്തെന്നും പിന്നീട് അതേക്കുറിച്ച് തിരക്കിയില്ലെന്നുമായിരുന്നു അദ്ദേഹത്തിന്റെ പ്രതികരണം.

പ്രതിരോധ മേഖലയിൽ നിർണായക നീക്കം; റഫാൽ യുദ്ധവിമാനങ്ങൾക്ക് ഇന്ത്യയിൽ നിർമിച്ച റഡാർ

ന്യൂഡൽഹി: റഫാൽ യുദ്ധവിമാനങ്ങളിൽ ഉപയോഗിക്കുന്ന റഡാറിനായി സങ്കീർണമായ വയറുള്ള ഘടനകൾ നിർമ്മിക്കുന്നതിനുള്ള കരാർ എസ്എഫ്ങ് ടെക്നോളജീസിന് നൽകി ഫ്രഞ്ച് എയ്റോസ്പേസ് ഭീമനായ തേൽസ്. ആർബിഇ2 ആക്ടീവ് ഇലക്ട്രോണിക്കലി സ്കാൻഡ് അറേ (എഇഎസ്എ) റഡാറിലെ വയറുകൾ നിർമിക്കുന്നതിനുള്ള കരാറാണ് നൽകിയത്. 'മെയ്ക്ക് ഇൻ ഇന്ത്യ' പദ്ധതിയുടെ കീഴിലുള്ള നൂതന പ്രതിരോധ സാങ്കേതികവിദ്യകളുടെ പ്രാദേശികവൽക്കരണത്തിലെ പ്രധാന ചുവടുവയ്പ്പാണിത്.

ഇന്ത്യൻ സായുധ സേനയ്ക്കായി ഉയർന്ന മൂല്യമുള്ള റഡാർ സംവിധാനങ്ങളുടെ ഉത്പാദനം പ്രാദേശികവൽക്കരിക്കുന്നതിനുള്ള തേൽസിന്റെ 'മേക്ക് ഇൻ ഇന്ത്യ' പദ്ധതിയുടെ ഭാഗമാണ് കരാർ. ഇന്ത്യൻ നാവികസേനയ്ക്കായി 26 റഫാൽ യുദ്ധവിമാനങ്ങളുടെ കരാറിന് പിന്നാലെയാണിത്. ഇന്ത്യൻ പ്രതിരോധ മേഖലയുമായുള്ള തേൽസിന്റെ ദീർഘകാല സഹകരണം കൂടുതൽ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായാണ് പുതിയ കരാർ എന്ന് കമ്പനി വ്യക്തമാക്കി.

പ്രതിരോധ മേഖലയിൽ പ്രാദേശികവൽക്കരണത്തിന്റെ ഭാഗമായുള്ള ആദ്യ ഓർഡർ കൂടിയാണിത്. ഇന്ത്യയിൽ വിപുലമായ റഡാർ നിർമ്മാണ ശേഷികൾ വികസിപ്പിക്കുന്നതിൽ കരൻ പ്രധാന പങ്ക് വഹിക്കുമെന്ന് വിലയിരുത്തൽ. റഫാൽ യുദ്ധവിമാനങ്ങൾക്കായി പുതിയൊരു ലോംഗ് റേഞ്ച് മീറ്റിയർ എയർ-ടു-എയർ മിസൈലുകൾ സ്വന്തമാക്കിക്കൊണ്ട് പ്രതിരോധ മേഖല കൂടുതൽ ശക്തിപ്പെടുത്താനുള്ള തീവ്രശ്രമത്തിലാണ് ഇന്ത്യ. വ്യോമസേനയുടെ മുൻനിര റഫാൽ വിമാനങ്ങളുടെ ദൃശ്യപരിധിക്കപ്പുറം ആക്രമണ ശേഷി വർദ്ധിപ്പിക്കുക എന്നതാണ് കരാറിന്റെ ലക്ഷ്യമെന്നാണ് പ്രതിരോധ മേഖലയിൽ നിന്നുള്ള റിപ്പോർട്ടുകൾ.

തിരഞ്ഞെടുപ്പിൽ പരാജയപ്പെട്ടതിന്റെ മനോവിഷമത്തിൽ ആത്മഹത്യക്ക് ശ്രമിച്ച യുഡിഎഫ് സ്ഥാനാർത്ഥി മരിച്ചു

തിരു : തദ്ദേശ തിരഞ്ഞെടുപ്പിൽ പരാജയപ്പെട്ടതിന് പിന്നാലെ ജീവനൊടുക്കാൻ ശ്രമിച്ച യുഡിഎഫ് സ്ഥാനാർത്ഥി മരിച്ചു. ചെറിയകൊണ്ണി സ്വദേശി വിജയകുമാരൻ നായർ (59) ആണ് മരിച്ചത്. തിരഞ്ഞെടുപ്പിൽ അരുവിക്കര ഗ്രാമപഞ്ചായത്തിലെ മണമ്പൂർ വാർഡിൽ നിന്നാണ് മത്സരിച്ചത്.

തിരഞ്ഞെടുപ്പ് ഫലം പുറത്തുവന്ന ശനിയാഴ്ച ഉച്ചയോടെ മരത്തിൽ തൂങ്ങിമരിക്കാൻ ശ്രമിക്കുകയായിരുന്നു. ഇത് മകൻ കണ്ടതോടെ ഉടൻതന്നെ ആശുപത്രിയിൽ എത്തിച്ചു. സ്വകാര്യ ആശുപത്രിയിൽ ചികിത്സയിലിരിക്കെ ഇന്ന് പുലർച്ചെയാണ് മരിച്ചത്.

മണമ്പൂരിൽ ബിജെപി സ്ഥാനാർത്ഥിയാണ് വിജയിച്ചത്. വിജയകുമാരൻ നായർ മൂന്നാം സ്ഥാനത്താണ് എത്തിയത്. തിരഞ്ഞെടുപ്പിൽ പരാജയപ്പെട്ടതിൽ മനോവിഷമത്തിലായിരുന്നുവെന്ന് ബന്ധുക്കൾ പറഞ്ഞു.

SIR: കരട് പട്ടികയിൽ ബംഗാളിൽ 58 ലക്ഷം പേർ പുറത്ത്; മമതയുടെ പ്രതിഷേധം ഇനി എങ്ങനെ? തെരുവിലിറങ്ങുമോ?

കൊൽക്കത്ത: വോട്ടർ പട്ടിക തീവ്രപരിഷ്കരണത്തിലൂടെ (എസ്ഐആർ) പശ്ചിമ ബംഗാളിൽ 58 ലക്ഷം പേർ വോട്ടർപട്ടികയിൽനിന്ന് പുറത്തായെന്ന് റിപ്പോർട്ട്. എസ്ഐആർ നടപടികളുടെ ഭാഗമായി ഇന്ന് തിരഞ്ഞെടുപ്പ് കമ്മീഷൻ പ്രസിദ്ധീകരിച്ച കരട് വോട്ടർപട്ടികയിലാണ് 58 ലക്ഷം പേരെ നീക്കംചെയ്തത്. ഇതിൽ 24 ലക്ഷം പേർ മരിച്ചവരാണ്. 19 ലക്ഷം പേർ താമസം മാറിയവരും 12 ലക്ഷം പേർ കണ്ടെത്താനാകാത്തവരുമാണ്. 1.3 ലക്ഷം പേരുകൾ ആവർത്തിച്ചതായും റിപ്പോർട്ടിൽ പറയുന്നു.

ഇന്ന് കരട് വോട്ടർ പട്ടിക പ്രസിദ്ധീകരിച്ചതോടെ എസ്ഐആർ നടപടികളുടെ ആദ്യഘട്ടം അവസാനിക്കുകയാണ്. കരട് പട്ടികയിൽനിന്ന് ഒഴിവാക്കപ്പെട്ടവരുണ്ടെങ്കിൽ അവർക്ക് തിരുത്തൽ ആവശ്യപ്പെടാം. തുടർന്ന് ഈ പരാതികളെല്ലാം പരിശോധിച്ചശേഷമാകും ഫെബ്രുവരിയിൽ അന്തിമ വോട്ടർപട്ടിക പ്രസിദ്ധീകരിക്കുക. 2002-ലാണ് ബംഗാളിൽ അവസാനമായി വോട്ടർപട്ടിക തീവ്രപരിഷ്കരണം നടന്നത്.

എസ്ഐആർ നടപടികളുടെ ഭാഗമായുള്ള കരട് പട്ടികയിൽനിന്ന് 58 ലക്ഷം പേരെ നീക്കംചെയ്തതിൽ ബംഗാളിൽ പുതിയ രാഷ്ട്രീയവിവാദങ്ങൾക്ക് തുടക്കമിട്ടേക്കുമെന്നാണ് വിലയിരുത്തൽ. ബംഗാൾ മുഖ്യമന്ത്രി മമതാ ബാനർജിയും തൃണമൂൽ കോൺഗ്രസും നേരത്തേതന്നെ എസ്ഐആറിനെതിരേ രംഗത്തെത്തിയിരുന്നു. നിയമസഭ തിരഞ്ഞെടുപ്പിന് മുൻപായി ലക്ഷക്കണക്കിന് വോട്ടർമാരുടെ പേരുകൾ വെട്ടാനാണ് കേന്ദ്രവും തിരഞ്ഞെടുപ്പ് കമ്മീഷനും എസ്ഐആറിലൂടെ ശ്രമിക്കുന്നതെന്നായിരുന്നു മമതാ ബാനർജിയുടെ ആരോപണം. വോട്ടർമാരുടെ പേരുകൾ വെട്ടിയാൽ ജനങ്ങൾ തെരുവിലിറങ്ങണമെന്നും മമതാ ബാനർജി ആഹ്വാനംചെയ്തിരുന്നു.

അതേസമയം, അനധികൃത കുടിയേറ്റക്കാർ ഉൾപ്പെടുന്ന വോട്ട് ബാങ്ക് സംരക്ഷിക്കാനായാണ് മമത ബാനർജി എസ്ഐആറിനെ എതിർക്കുന്നതെന്നാണ് ബിജെപിയുടെ വാദം. മരിച്ചവരുടെയും വ്യാജവോട്ടർമാരുടെയും പേരുകൾ പട്ടികയിൽനിന്ന് നീക്കംചെയ്യുന്നതിലൂടെ അധികാരം നഷ്ടപ്പെടുമെന്ന് മമത ബാനർജി ഭയക്കുന്നതായും ഇതിന്റെ പേരിലാണ് അവർ കോലാഹലം സൃഷ്ടിക്കുന്നതെന്നും പ്രതിപക്ഷ നേതാവ് സുവേന്ദു അധികാരി ആരോപിച്ചിരുന്നു.

പരീക്ഷ കഴിഞ്ഞ് മടങ്ങിയെത്തിയ വിദ്യാർത്ഥിയെ വീട്ടിൽ തൂങ്ങിമരിച്ച നിലയിൽ കണ്ടെത്തി

കാസർകോട്: പരീക്ഷ കഴിഞ്ഞ് വീട്ടിൽ മടങ്ങിയെത്തിയ ഒൻപതാം ക്ളാസ് വിദ്യാർത്ഥിയെ വീട്ടിൽ തൂങ്ങിമരിച്ച നിലയിൽ കണ്ടെത്തി. കാസർകോട് ബെള്ളൂർ സർക്കാർ ഹയർ സെക്കൻഡറി സ്കൂളിലെ വിദ്യാർത്ഥിയായ പ്രജ്വൽ (14) ആണ് മരിച്ചത്. ബെള്ളൂർ കുഞ്ചത്തൊട്ടിയിലെ ജയകര- അനിത ദമ്പതികളുടെ മകനാണ്.

മാതാവ് അനിത മുള്ളേരിയ സ്കൂളിൽ പഠിക്കുന്ന മകളെ കൂട്ടിക്കൊണ്ടുവരാൻ പോയതായിരുന്നു. ഈ സമയം മറ്റാരും വീട്ടിലുണ്ടായിരുന്നില്ല. തിരികെയെത്തിയപ്പോൾ മകനെ കിടപ്പുമുറിയിലെ കൊളുത്തിൽ ഷാളിൽ തൂങ്ങിയനിലയിൽ കണ്ടെത്തുകയായിരുന്നു.

കഴിഞ്ഞ ഞായറാഴ്ച കുട്ടി അമ്മയുടെ വീട്ടിൽ പോയിരുന്നു. അവിടെനിന്നാണ് ഇന്നലെ പരീക്ഷയെഴുതാൻ സ്കൂളിലേയ്ക്ക് പോയത്. പരീക്ഷ ഉച്ചയ്ക്ക് ശേഷമാണെന്ന് കരുതി 11 മണിയോടെയായിരുന്നു പ്രജ്വൽ സ്കൂളിലെത്തിയത്. സമയം കഴിഞ്ഞിരുന്നുവെങ്കിലും പരീക്ഷയെഴുതാൻ കുട്ടിയെ അനുവദിച്ചതായി അദ്ധ്യാപകർ പറയുന്നു. മരണകാരണം വ്യക്തമല്ല. സംഭവത്തിൽ ആദൂർ പൊലീസ് കേസ് രജിസ്റ്റർ ചെയ്തു.

തദ്ദേശ തിരഞ്ഞെടുപ്പിൽ ഹിമാലയൻ പരാജയം ഉണ്ടായിട്ടില്ല; മുഖ്യമന്ത്രി ഏകപക്ഷീയമായി ഒരു തീരുമാനവും എടുത്തിട്ടില്ല

തിരു : തദ്ദേശ തിരഞ്ഞെടുപ്പിലെ തിരിച്ചടിക്ക് പിന്നിൽ ഭരണവിരുദ്ധ വികാരമുണ്ടായതായി ഇടതുപക്ഷത്തിന്റെ ഒരു വേദിയിലും ചർച്ചയായിട്ടില്ലെന്ന് മന്ത്രി വി ശിവൻകുട്ടി. അത് തെറ്റായ വിലയിരുത്തലാണ്. മുഖ്യമന്ത്രി ഏകപക്ഷീയമായി ഒരു തീരുമാനവും എടുത്തിട്ടില്ല. നടക്കുന്നത് തെറ്റായ പ്രചാരണമാണെന്നും മന്ത്രി മാദ്ധ്യമങ്ങളോട് പറഞ്ഞു.

എൽഡിഎഫിൽ തെറ്റിദ്ധാരണയുണ്ടാക്കുന്നതിനാണ് പ്രചാരണം നടത്തുന്നത്. ഹിമാലയൻ പരാജയം ഉണ്ടായിട്ടില്ല. ജനവിധി മാനിക്കുന്നു. എല്ലാ തീരുമാനങ്ങളും ഏകകണ്ഠമായെടുത്തതാണ്. വോട്ടിംഗ് പാറ്റേണിനെ ഭരണവിരുദ്ധ വികാരമായി കാണാൻ കഴിയില്ലെന്നും മന്ത്രി പറഞ്ഞു.

തദ്ദേശ തോൽവിക്ക് ഭരണവിരുദ്ധവികാരം കാരണമായെന്ന് സിപിഐ തുറന്നടിച്ചിരുന്നു. ഭരണ വിരുദ്ധ വികാരം തന്നെയാണ് കാരണമെന്നും മുഖ്യമന്ത്രി പിണറായി വിജയൻ ഒറ്റയാൾ പട്ടാളമായാണ് പ്രവർത്തിക്കുന്നതെന്നും വിമർശനമുയർന്നിരുന്നു. ആത്മപരിശോധന നടത്തി പരിഹാരമുണ്ടായില്ലെങ്കിൽ വരുന്ന നിയമസഭ തിരഞ്ഞെടുപ്പിൽ പരാജയം ആവർത്തിക്കുമെന്നും സിപിഐ യോഗത്തിൽ വിമർശനമുണ്ടായി.

തദ്ദേശതിരഞ്ഞെടുപ്പിലേറ്റ കനത്ത തിരിച്ചടിയുടെ പശ്ചാത്തലത്തിൽ, മണിക്കൂറുകളുടെ വ്യത്യാസത്തിൽ ചേർന്ന സിപിഎമ്മിന്റെയും സിപിഐയുടെയും സംസ്ഥാന സെക്രട്ടറിയേറ്റുകളാണ് വ്യത്യസ്ത നിലപാട് സ്വീകരിച്ചത്. രാവിലെ ചേർന്ന സിപിഎം സംസ്ഥാന സെക്രട്ടറിയേറ്റിന്റെ നിലപാടുകൾ നാലുമണിയോടെ സംസ്ഥാന സെക്രട്ടറി എം വി ഗോവിന്ദൻ വിശദീകരിക്കുന്ന വേളയിൽ, എംഎൻ സ്മാരകത്തിൽ സിപിഐ സംസ്ഥാന സെക്രട്ടറിയേറ്റ് അംഗങ്ങൾ പിണറായിക്കുനേരെ വിരൽ ചൂണ്ടുകയായിരുന്നു. സിപിഐ സംസ്ഥാന സെക്രട്ടറി ബിനോയ് വിശ്വം ആണ് പുതിയ രാഷ്ട്രീയ വിവാദത്തിന് വഴി തുറന്നത്.

ഫ്രീസറിനുള്ളിൽ കയറി വനിതാ ഡോക്ടറുടെ ആത്മഹത്യ, മൃതദേഹം നഗ്നമായ നിലയിൽ; ദുരൂഹത

മിയാമി: ഫ്ലോറിഡയിലെ മിയാമിയിലുള്ള ഡോളർ ട്രീ സ്റ്റോറിലെ ഫ്രീസറിനുള്ളിൽ വനിതാ ഡോക്ടറുടെ നഗ്നമായ മൃതദേഹം കണ്ടെത്തി. 32കാരിയായ ഡോ. ഹെലൻ മാസിയൽ ഗാരെ സാഞ്ചസിന്റെ മൃതദേഹമാണ് കണ്ടെത്തിയത്. ഞായറാഴ്ച രാവിലെ എട്ട് മണിയോടെ സ്റ്റോറിലെ ജീവനക്കാരാണ് മൃതദേഹം കണ്ടത്. ശനിയാഴ്ച വൈകുന്നേരം കട അടയ്ക്കുന്നതിന് മുൻപ് ഹെലൻ സ്റ്റോറിലെത്തിയതായി അന്വേഷണ ഉദ്യോഗസ്ഥർ പറയുന്നു.

സിസിടിവി ദൃശ്യങ്ങളിൽ ഇവർ കടയിൽ നിന്ന് ഒന്നും വാങ്ങിയില്ലെന്ന് വ്യക്തമാണ്. എന്നാൽ രാത്രി ജീവനക്കാർക്ക് മാത്രം പ്രവേശനമുള്ള ഫ്രീസർ ഇരിക്കുന്ന സ്ഥലത്തേക്ക് ഹെലൻ പോകുകയും അവിടെ രാത്രി മുഴുവൻ ചെലവഴിച്ചെന്നും പൊലീസ് പറയുന്നു. എന്തിനാണ് യുവതി അവിടെയെത്തിയതെന്നതടക്കമുള്ള കാര്യങ്ങൾ അന്വേഷിച്ച് വരികയാണെന്നും പൊലീസ് പറഞ്ഞു.

രണ്ടുകുട്ടികളുടെ അമ്മയായ ഹെലൻ നിക്കരാഗ്വയിലാണ് താമസിക്കുന്നത്. ജന്മനാ ഉണ്ടാകുന്ന ഹൃദ്രോഗങ്ങളുടെ ചികിത്സയിൽ സ്പെഷ്യലൈസ് ചെയ്തിരുന്ന അനസ്തേഷ്യോളജിസ്റ്റ് ആയിരുന്നു ഹെലൻ. യുവതിയെ നിർബന്ധിച്ച് ഫ്രീസറിലേക്ക് കയറ്റിയതിന് തെളിവില്ലെന്നാണ് വിവരം. സംഭവത്തിൽ കൂടുതൽ അന്വേഷണം നടത്തിവരികയാണ്.

ഈ. മ. യൗ

ഞങ്ങളുടെ വാത്സല്യ മാതാവ് താഴത്ത് ലാസർ ഭാര്യ എൽസി (65 വയസ്) ആത്മത്തിനു വേണ്ടുന്ന അന്ത്യകൂദാശകളെല്ലാം സ്വീകരിച്ച് ഇന്നലെ (2025 ഡിസംബർ 15 തിങ്കളാഴ്ച) വൈകീട്ട് 6.30ന് കർത്താവിൽ നിദ്രപ്രാപിച്ച വിവരം വ്യസനസമേതം അറിയിച്ചുകൊള്ളുന്നു.

സംസ്കാരം നാളെ (2025 ഡിസംബർ 17 ബുധനാഴ്ച) കാലത്ത് 11 മണിക്ക് സ്വവസതിയിൽ വെച്ച് നടത്തുന്ന സംസ്കാര ശുശ്രൂഷകൾക്കുശേഷം പുതുക്കാട് സെന്റ് ആന്റണീസ് ഫൊറോന ദേവാലയ സെമിത്തേരിയിൽ വെച്ച് നടത്തുവാൻ നിശ്ചയിച്ചിരിക്കുന്നു. സംസ്കാര ശുശ്രൂഷയിൽ പങ്കുകൊണ്ട് പരേതയുടെ ആത്മശാന്തിക്കായി പ്രാർത്ഥിക്കുവാൻ താല്പര്യപ്പെടുന്നു.

എന്ന്,

മക്കൾ: ഷൈമോൻ (Late), മെൽവിൻ, മിൽട്ടൺ

മരുമകൻ: സുമിഷ മെൽവിൻ, നിതീഷാ മിൽട്ടൺ

പേരക്കുട്ടികൾ

ബന്ധുമിത്രാദികൾ ഇതൊരറിയിപ്പായി കണക്കാക്കാൻ അപേക്ഷ

എൽസി ലാസർ (65)
(W/o. Late) ലാസർ ടി ടി
താഴത്ത് ഹൗസ്,
പുതുക്കാട്

അമലോത്ഭവ യൂണിറ്റ്,
പുതുക്കാട്
9446684833, 9745627303

കൃതജ്ഞത

ടി.സോമസുന്ദരൻ (68)
എളനാട് പഴയന്നൂർ

എന്റെ പ്രിയ ഭർത്താവ് തോന്നൂർ വീട്ടിൽ ടി സോമസുന്ദരന്റെ (68) നിര്യാണ വാർത്തയറിഞ്ഞ് നേരിട്ടുവന്നും അനുശോചന സന്ദേശങ്ങൾ വഴിയും ഞങ്ങളെ സമാശ്വസിപ്പിക്കുകയും തുടർന്ന് നടത്തിയ സംസ്കാര ചടങ്ങുകളിലും പങ്കുകൊണ്ട് പരേതന്റെ ആത്മശാന്തിക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്ത ബന്ധുമിത്രാദികൾ, നല്ലവരായ നാട്ടുകാർ, ജനപ്രതിനിധികൾ, രാഷ്ട്രീയ-സാമൂഹിക-കലാ-സാംസ്കാരിക രംഗത്തെ പ്രമുഖർ, ഉദ്യോഗസ്ഥ പ്രമുഖർ, വ്യാപാരി വ്യവസായി സുഹൃത്തുക്കൾ, സമൂഹത്തിലെ മറ്റ് എല്ലാ ബഹുമാന്യ വ്യക്തികൾ എന്നിവർക്കും ഞങ്ങൾക്കുള്ള കൃതജ്ഞത അറിയിക്കുന്നു.

പരേതൻ യൂത്ത് കോൺഗ്രസ് പഴയന്നൂർ മണ്ഡലം മുൻപ്രസിഡണ്ടും വാതിൽമാടം ഭഗവതി ക്ഷേത്രക്ഷേമ സമിതി മുൻസെക്രട്ടറിയും സെന്റ് ജോൺസ് ഹൈസ്കൂൾ റിട്ട. ജീവനക്കാരനുമായിരുന്നു.

ദുഃഖ സ്മരണകളോടെ,
ഭാര്യ: സുഭദ്ര
മക്കൾ: സുഭാഷ്, സുധീഷ്
മരുമകൾ: കീർത്തന
ബന്ധുമിത്രാദികൾ

മരണവിവരം യഥാസമയം അറിയിക്കുവാൻ ആരെയെങ്കിലും വിട്ടുപോയിട്ടുണ്ടെങ്കിൽ ക്ഷമാപണം.

RNI No. 7675/1964, Edited, Printed & Published by A. Mohammed at Kairaly Printers for Chethana Printers, Thrissur-4

രമേശ് ചെന്നിത്തല കൂടൽ മാണിക്യം ക്ഷേത്ര ദർശനം നടത്തി

ഇരിങ്ങാലക്കുട: കോൺഗ്രസ് നേതാവ് രമേശ് ചെന്നിത്തല ഇന്ന് രാവിലെ കൂടൽമാണിക്യം ക്ഷേത്ര ദർശനം നടത്തി. കെ.പി.സി.സി. ജനറൽ സെക്രട്ടറി സോണിയ ഗിരി, എം.എസ്. അനിൽകുമാർ, അഡ്വ. സതീഷ് വിമലൻ, കെ.കെ. ശോഭനൻ, സോമൻ ചിറ്റേത്ത്, ടി.വി. ചാർളി, സുജ സജ്ജീവ് കുമാർ, സി.എസ്. അബ്ദുൾ ഹഖ്, എ.സി. സുരേഷ്, മറ്റു കോൺഗ്രസ് നേതാക്കൾ എന്നിവർ പങ്കെടുത്തു. ദേവസ്വം അഡ്മിനിസ്ട്രേറ്റർ രാധേഷ്, മാനേജ്മെന്റ് കമ്മറ്റി അംഗം അഡ്വ. കെ.ജി. അജയ്കുമാർ എന്നിവരും സന്നിഹിതരായിരുന്നു.

പുതുമകളുടെ പുൽക്കൂട് ഒരുക്കി അമല

അമല: അമല മെഡിക്കൽ കോളേജിൽ ഒരുക്കിയ പുതുമകളുടെ പുൽക്കൂടിന്റെ ഉദ്ഘാടനം ക്ലാരിസ്റ്റ് കോൺഗ്രിഗേഷൻ പ്രൊവിൻഷ്യൽ സുപ്പീരിയർ സിസ്റ്റർ ഫോൻസി മരിയ നിർവഹിച്ചു. അമല ഡയറക്ടർ ഫാ. ജൂലിയസ് അറക്കൽ സി.എം.ഐ., ജോയിൻറെ ഡയറക്ടർ ഫാ. ഷിബു പുത്തൻപുരക്കൽ സി. എം. ഐ., അസോസിയറ്റ് ഡയറക്ടർ ഫാ. ആൻറണി മണ്ണുമ്മൽ സി. എം. ഐ. എന്നിവർ പ്രസംഗിച്ചു. പുൽക്കൂടിൽ മാതാവിൻറെ പൂർണ്ണകായ പ്രതിമ ഉണ്ണിയേശുവിനോടൊപ്പം കിടക്കുന്ന രീതിയിൽ ഒരുക്കിയിരിക്കുന്നത് ഏവരിലും കൗതുകം ഉണർത്തി. ക്യാമ്പസ് മുഴുവൻ വിവിധ ദൃശ്യങ്ങളാൽ വർണാഭമാക്കിയിട്ടുണ്ട്

33 കൗൺസിലർമാരിലൂടെ തൃശ്ശൂരിന്റെ മുഖച്ഛായ മാറ്റും: അഡ്വ. ജോസഫ് ടാജറ്റ്

തൃശൂർ: കോർപ്പറേഷനിലേക്ക് വിജയിച്ച 33 കൗൺഗ്രസ് കൗൺസിലർമാരിലൂടെ തൃശൂരിന്റെ മുഖച്ഛായ മാറ്റുമെന്ന് ഡി.സി.സി പ്രസിഡന്റ് അഡ്വ. ജോസഫ് ടാജറ്റ് പറഞ്ഞു. ഇടത് പക്ഷത്തിന്റെ ഏകാധിപത്യ ഭരണത്തിനേറ്റ തിരിച്ചടിയാണ് കോർപ്പറേഷനിലെ കനത്ത തോൽവി. ജനങ്ങൾ നൽകിയ അംഗീകാരത്തെ വിനയത്തോടെ ഉൾക്കൊള്ളുന്നുവെന്ന് അഡ്വ.ജോസഫ് ടാജറ്റ് പറഞ്ഞു.

കോർപ്പറേഷനിൽ നേടിയ മിന്നുന്ന വിജയത്തിൽ ഡി.സി.സി യുടെ നേതൃത്വത്തിൽ നടന്ന ആഹ്ളാദം പ്രകടനം ഫ്ളാഗ് ഓഫ് ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.

തെരഞ്ഞെടുക്കപ്പെട്ട 33 കൗൺസിലർമാരെയും ഡി സിസി പ്രസിഡണ്ട് ഷാൾ അണിയിച്ച് പതാക കൈമാറി പ്രകടനത്തിന് തുടക്കം കുറിച്ചു.

വാദ്യമേളങ്ങളുടെ അകമ്പടിയോടെ നടന്ന പ്രകടനത്തിൽ പൂക്കാവടികളും പുലിക്കളിയും നിറം പകർന്നു. 'ഡിസിസി ഓഫീസിന് നിന്നും ആരംഭിച്ച പ്രകടനം നഗരം ചുറ്റി കോർപറേഷൻ ഓഫീസിനു മുന്നിൽ സമാപിച്ചു.

നേതാക്കളായ എം.പി വിൻസെന്റ്, ടി.വി ചന്ദ്രമോഹൻ, കെ.ബി ശശികുമാർ, ഷാജി ജെ കോടങ്കണ്ടത്ത്, ഐപി പോൾ, അഡ്വ. സിജോ കടവിൽ, രാജൻ പല്ലൻ, കെ.എച്ച് ഉസ്മാൻ ഖാൻ തുടങ്ങിയവർ നേതൃത്വം നൽകി.

തെരഞ്ഞെടുപ്പ് പ്രചാരണ സാമഗ്രികൾ ഉടൻ നീക്കം ചെയ്യണം

തൃശ്ശൂർ: തദ്ദേശതിരഞ്ഞെടുപ്പിന്റെ വോട്ടെടുപ്പ് അവസാനിച്ചതിനാൽ സ്ഥാനാർഥികളും രാഷ്ട്രീയപാർട്ടികളും പ്രചാരണത്തിനു വേണ്ടി പൊതുസ്ഥലങ്ങളിൽ സ്ഥാപിച്ച സാമഗ്രികൾ ഉടൻ നീക്കം ചെയ്യണമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ അറിയിച്ചു.

കെ എസ് ടി എ സെമിനാർ

ഇരിഞ്ഞാലക്കുട : കേരള സ്കൂൾ ടീച്ചേഴ്സ് അസോസിയേഷന്റെ മുപ്പത്തിയഞ്ചാമത് ജില്ലാ സമ്മേളനത്തിന്റെ ഭാഗമായി വിദ്യാഭ്യാസ സെമിനാർ നടത്തി. ഇരിഞ്ഞാലക്കുട അയ്യങ്കാളി സ്കൂയറിൽ നടന്ന സെമിനാർ ഡോ. കെ. പി. ജോർജ് ഉദ്ഘാടനം ചെയ്തു.

ജില്ലാ ജോയിന്റ് സെക്രട്ടറി സജി പോൾസൺ സ്വാഗതം പറഞ്ഞു. ജില്ലാ ജോയിന്റ് സെക്രട്ടറി രമേഷ് കേശവൻ അധ്യക്ഷത വഹിച്ചു. 'മതനിരപേക്ഷ വിദ്യാഭ്യാസവും പൊതുവിദ്യാലയങ്ങളും 'എന്ന വിഷയത്തിലാണ് സെമിനാർ നടന്നത്. ജില്ലാ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങളായ വിദ്യ കെ. വി, കെ. കെ താജുദീൻ, സിംല എന്നിവരും സംസ്ഥാന കമ്മിറ്റി അംഗം ദീപ ആന്റണിയും അഭിവാദ്യം ചെയ്തു. ഉപ ജില്ലാ സെക്രട്ടറി കെ. ആർ സത്യപാലൻ നന്ദി പറഞ്ഞു.

ദുർഗന്ധം വമിക്കുന്ന അഴുക്കുചാൽ

കുന്നംകുളം: വടക്കേക്കാട് മുക്കിലെ പീടിക കല്ലിങ്ങൽ റോഡിൽ കാനയിൽ അഴുക്കുവെള്ളം കെട്ടിനിൽക്കുന്നു. ഹെൽത്ത് സെൻറർ അടുത്തായിട്ടുപോലും ഇതുവരെ അധികൃതരുടെ ശ്രദ്ധയിൽ പെട്ടിട്ടില്ലേ എന്ന് നാട്ടുകാർ അഭിപ്രായപ്പെടുന്നു. വൈകുന്നേരങ്ങളിൽ സാമാന്യ തിരക്കുള്ള പ്രദേശമാണ് ഇവിടെ. ദുർഗന്ധവും കൊതുക് ശല്യവും രൂക്ഷമാണ്. തക്കതായ നടപടികൾ അധികൃതരുടെ ഭാഗത്തുനിന്നും ഉണ്ടാകണമെന്ന് നാട്ടുകാർ ആവശ്യപ്പെട്ടു.

കോടതി പരസ്യം

ബഹു. തൃശൂർ കുടുംബ കോടതി മുമ്പാകെ

OP: 1625/2024

അനഘ കെ.എച്ച്, 28 വയസ്സ്, W/o.ബാലു കെ.ബി, കരിപ്പായി ഹൗസ്, കിഴക്കുംപാട്ടുകര, ഈസ്റ്റ് ഫോർട്ട് പി.ഒ, തൃശ്ശൂർ 680 005 (ടൗൺ ഈസ്റ്റ് പോലീസ് സ്റ്റേഷൻ)

-ഹർജിക്കാരി

ബാലു കെ.ബി, 30 വയസ്സ്, S/o. ബാഹുലേയൻ കെ.ജി, കുറുപ്പത്ത് പറമ്പിൽ ഹൗസ്, വെള്ളാനിക്കര പി.ഒ, ചിറക്കേകോട്, ആനന്ദ നഗർ, തൃശ്ശൂർ ജില്ല, കേരള, പിൻ 680 654 (മണ്ണുത്തി പോലീസ് സ്റ്റേഷൻ)

-എതൃകക്ഷി

മേൽനമ്പിലെ എതൃകക്ഷിക്കുള്ള നോട്ടീസ് വാസസ്ഥലത്തും കോടതിയിലും പതിച്ചു നടത്തുന്നതിനും പത്രത്തിൽ പരസ്യം ചെയ്യുന്നതിനും കൽപ്പിച്ച് മേൽനമ്പർ കേസ്സ് **20-12-2025** തിയ്യതിയിലേക്ക് വച്ചിരിക്കുന്നു. ടി കാര്യത്തിൽ ആക്ഷേപമുണ്ടെങ്കിൽ ടി തിയ്യതി 11.00 മണിക്ക് ബഹുമാനപ്പെട്ട കോടതി മുമ്പാകെ ബോധിപ്പിക്കേണ്ടതാണ്.

എന്ന് 21-11-2025

ഹർജി ഭാഗം അഡ്വക്കേറ്റ്

കെ. സജിത്ത് (ഒപ്പ്)

കോടതി പരസ്യം

ബഹു.തൃശൂർ മുൻസിഫ് കോടതി മുമ്പാകെ

OS: 2143/2024

NTC നിധി ലിമിറ്റഡ്

- അന്യായം

Bijeshkumar K.V., S/o. Viswanathan, Kottichinnath House, Viyur P.O., Thrissur-680010

Aswathy Bijesh, W/o. Bijeshkumar K.V., Viswanathan, Kottichinnath House, Viyur P.O., Thrissur-680010

-1, 3 പ്രതികൾ

മേൽ നമ്പറിൽ 1, 3 പ്രതികൾക്കുള്ള നോട്ടീസ് കോടതിയിലും വാസസ്ഥലത്തും പതിച്ചുനടത്തുവാൻ അനുവദിച്ച് മേൽ നമ്പർ കേസ് **3-01-2026** തിയ്യതിക്ക് വിചാരണക്ക് വെച്ചിട്ടുണ്ട്. ടി കാര്യത്തിൽ എന്തെങ്കിലും ആക്ഷേപമുണ്ടെങ്കിൽ അന്നേദിവസം പകൽ 11 മണിക്ക് ബഹു. കോടതി മുമ്പാകെ ഹാജരായി ബോധിപ്പിക്കേണ്ടതാണെന്ന് ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എന്ന്, 15-12-2025

അന്യായഭാഗം അഡ്വക്കേറ്റ്

ഫ്രെഡി ഫ്രാൻസിസ് (ഒപ്പ്)

വടക്കേ ഇന്ത്യയ്ക്ക് ഭീഷണിയായി അതിശൈത്യവും പുകമഞ്ഞും

ന്യൂഡൽഹി: ഡൽഹി, ഹരിയാണ, ഉത്തർപ്രദേശ് എന്നിവയടക്കമുള്ള ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിലെ പല നഗരങ്ങളിലും കനത്ത മൂടൽമഞ്ഞും അന്തരീക്ഷ മലിനീകരണവും മൂലം ജനജീവിതം ദുസ്സഹമായിരിക്കുകയാണെന്നാണ് റിപ്പോർട്ട്. ഗതാഗത തടസ്സങ്ങളും റോഡപകടങ്ങളും ഇതിൻറെ രൂക്ഷതയെറ്റുകയാണ്. സമീപദിവസങ്ങളിൽ നിരവധി വിമാനങ്ങൾ റദ്ദാക്കപ്പെടുകയും പുകമഞ്ഞ് മൂലമുള്ള കാഴ്ചാപ്രശ്നങ്ങൾ മൂലം നിരവധി വാഹനാപകടങ്ങൾ റിപ്പോർട്ട് ചെയ്യപ്പെടുകയും ചെയ്തിട്ടുണ്ട്.

ഹരിയാണ, ഉത്തർപ്രദേശ്, ഡൽഹി മേഖലകളിൽ കാഴ്ച കുറയ്കുന്ന പുകമഞ്ഞ് കനത്തതാണ് പലപ്പോഴും അപകടങ്ങൾക്ക് കാരണമാകുന്നത്. നിരവധി പേരുടെ മരണത്തിനും ദേശീയപാതകളിൽ വലിയ നാശനഷ്ടങ്ങൾക്കും ഈ അപകടങ്ങൾ വഴിവെച്ചിട്ടുണ്ട്.

ചൊവ്വാഴ്ച രാവിലെ ഉത്തർപ്രദേശിലെ യമുന എക്സ്പ്രസ് വേയിൽ മഥുര ജില്ലയിലുണ്ടായ അപകടത്തിൽ നാലുപേർ മരിക്കുകയും 25 പേർക്ക് പരിക്കേൽക്കുകയും ചെയ്തു. പുലർച്ചെ നാലുമണിയോടെ കനത്ത മൂടൽമഞ്ഞ് കാരണം കാഴ്ചക്കുറവുണ്ടായതാണ് അപകടത്തിന് കാരണമായത്. ഏഴ് ബസുകളും നിരവധി ചെറിയ വാഹനങ്ങളും കൂട്ടിയിടിക്കുകയും വാഹനങ്ങൾക്ക് തീപിടിക്കുകയും ചെയ്യുകയായിരുന്നു.

വൈദ്യശാസ്ത്ര രചനകൾ മലയാളത്തിൽ പ്രസിദ്ധീകരിക്കും. ഡോ. മോഹനൻ കുന്നുമ്മൽ

ഒല്ലൂർ : വൈദ്യശാസ്ത്ര രചനകൾ മലയാളഭാഷയിൽ പ്രസിദ്ധീകരിക്കുമെന്നും രചയിതാക്കൾക്ക് അതിനെ പ്രതിഫലം നൽകുമെന്നും കേരള ആരോഗ്യ സർവകലാശാല വൈസ് ചാൻസിലർ ഡോക്ടർ മോഹനൻ കുന്നുമ്മൽ പറഞ്ഞു. കേന്ദ്രസർക്കാരിന്റെയും യുജിസിയുടെയും നയപ്രകാരം പ്രാദേശിക ഭാഷകളിലെ വൈജ്ഞാനിക സമ്പത്ത് വിപുലപ്പെടുത്തുന്ന നടപടികളുടെ ഭാഗമാണ് ഇത് എന്ന് അദ്ദേഹം പറഞ്ഞു

ഒല്ലൂർ വൈദ്യരത്നം ആയുർവേദ മെഡിക്കൽ കോളേജിൽ മെരിറ്റ് സ്കോളർഷിപ്പ് വിതരണത്തിന്റെയും വ്യവസായ വകുപ്പിന്റെ സംരംഭകത്വ പരിശീലനത്തിന്റെയും ഉദ്ഘാടനം നിർവഹിച്ചുകൊണ്ട് പ്രസംഗിക്കുകയായിരുന്നു അദ്ദേഹം . ഡിസംബർ 15 തിങ്കളാഴ്ച ആയിരുന്നു പരിപാടി സമദർശി കമ്മ്യൂണിക്കേഷൻസ് വികസിപ്പിച്ച ആയുർവേദ വിദ്യാർഥികൾക്ക് വേണ്ടിയുള്ള കമ്പ്യൂട്ടർ ആപ്ലിക്കേഷനുകൾ 25 പട്ടിക വിഭാഗ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് ഫോർ സോഷ്യൽ ഡെവലപ്മെൻറ് സ്കീമിൽ വിതരണം ചെയ്തു. ആയുർവേദ കോളേജിന്റെയും കോളേജ് യൂണിയന്റെയും ഹിന്ദു എക്കണോമിക് ഫോറത്തിന്റെയും ആഭിമുഖ്യത്തിൽ ആയിരുന്നു പരിപാടി സംഘടിപ്പിച്ചത്.

കോളേജ് പ്രിൻസിപ്പൽ ഡോക്ടർ അഞ്ജു കെ പി അധ്യക്ഷയായിരുന്നു

ഡോക്ടർ രവി മൂസത് ,ഡോക്ടർ നിതീഷ് പാറയിൽ, ഡോക്ടർ രഘുനാഥ് ടി, വി.ബി രാജൻ, സുഭദ്ര ശൂലപാണി, ഡോക്ടർ മേരിക്കുട്ടി ടി.സി,ബി നീഷ് പി വി , രാജേഷ് , കൃഷ്ണജ എസ്സ് ആർ എന്നിവർ പ്രസംഗിച്ചു.

നിഖ്യാ സുന്നഹദോസ് 1700-ാം വാർഷികാചരണം സമാപിച്ചു

അനുരഞ്ജനത്തിന്റെയും ഐക്യത്തിന്റെയും സമാധാനത്തിന്റെയും സമൃദ്ധമായ ഫലങ്ങൾ സമൂഹത്തിന് നൽകുവാൻ ക്രിസ്തിയ സഭകൾക്ക് ആകണം എന്ന് പ്രഖ്യാപിച്ചുകൊണ്ട് പൗരസ്ത്യ കൽദായ സുറിയാനി സഭയുടെ നിഖ്യാ സുന്നഹദോസിന്റെ 1700-ാം വാർഷികാചരണം സമാപിച്ചു.സമാപന പരിപാടികൾ കാൽഡിയൻ സെൻട്രലിൽ വെച്ച് സെമിനാറോടെ ആരംഭിച്ചു.നിഖ്യാ സുന്നഹദോസ് ക്രിസ്തിയ സഭകൾക്ക് നൽകിയ വിശ്വാസപ്രമാണത്തിന്റെ ദൈവശാസ്ത്രവും,ബൈബിൾ പരവും,ചരിത്രപരവും എക്യുമിനിക്കൽ പരവുമായ കാഴ്ച്ചപ്പാടുകളെ സംബന്ധിച്ച് സിസ്റ്റർ ഡോ.ഒ.യു.ജിൻ സി,റവ.ഡോ.എ.ജോൺ ഫിലിപ്പ്,റവ.ഡോ.ഫ്രാൻസിസ് പിട്ടാപ്പിള്ളിൽ,റവ.ഡോ.ജസ്റ്റിൻ നീലങ്കാവിൽ എന്നിവർ വിഷയങ്ങൾ അവതരിപ്പിച്ചു.ബഹുമാനപ്പെട്ട വിനോദ് തിമത്തി കശിശ സെമിനാറിന് നേതൃത്വം നൽകി.തുടർന്ന് നടന്ന പൊതു സമ്മേളനത്തിൽ അഭിവന്ദ്യ മാർ ഔഗിൻ കുരിയാക്കോസ് മെത്രാപ്പോലീത്ത അദ്ധ്യക്ഷത വഹിച്ചു വിവിധസഭകളിലെ മെത്രാപ്പോലീത്തമാരായ ഗീവർഗ്ഗീസ് മോർ യൂലിയോസ് ഓർത്തഡോക്സ് സഭ,മാർ ബോസ്ക്കോ പുത്തൂർ സിറോ മലബാർ സഭ,മാത്യൂസ് മോർ അപ്രേ0 യാക്കോബായ സഭ എന്നിവർ ചേർന്ന് ഐക്യത്തിന്റെ അടയാളമായി ഒന്നിച്ച് തിരികൊള്ളുത്തി കൊണ്ട് സമ്മേളനം ഉദ്ഘാടനം നിർവ്വഹിച്ച് സന്ദേശം നൽകുകയും ചെയ്തു.ദി ബോർഡ് ഓഫ് സെന്ട്രൽ ട്രസ്റ്റിസ് ചെയർമാൻ ശ്രീ.അബി ജെ.പൊൻമണിശ്ശേരി നന്ദി പ്രകാശിപ്പിച്ചു.സഭയുടെ സംഗീത വിഭാഗമായ ബാറിക്ക്മാറിന്റെ നേതൃത്വത്തിൽ വിശ്വാസപ്രമാണത്തിന്റെ മലയാളം,ഇംഗ്ലീഷ്,സുറിയാനി ഭാഷകളിൽ ഗാനാലാപനവും ഉണ്ടായിരുന്നു.പരിപാടികൾക്ക് ദി ബോർഡ് ഓഫ് സെൻട്രൽ ട്രസ്റ്റിസ് നേതൃത്വം നൽകി.

വ്യാപാരിയുടെ വീടിന് നേരെ അക്രമം: കേരള വ്യാപാരി വ്യവസായി ഏകോപന സമിതി പ്രതിഷേധിച്ചു

തൃപ്രയാർ: കേരള വ്യാപാരി വ്യവസായി ഏകോപന സമിതി യൂത്ത് വിങ്ങ് ജില്ലാ വൈസ് പ്രസിഡണ്ട് താജുദ്ദീൻ കാവുങ്ങലിന്റെ വീട്ടിലേക്ക് പടക്കങ്ങളും ഗുണ്ടുകളും എറിഞ്ഞ് ഭീകരാന്തരീക്ഷം സൃഷ്ടിക്കുകയും ഇതേ തുടർന്ന് 30,000 രൂപയുടെ നിർമ്മാണ സാമഗ്രികൾ കത്തിനശിക്കുകയും ചെയ്ത സംഭവത്തിൽ സംഘടനയുടെ ജില്ലാ, നിയോജക മണ്ഡലം, യൂണിറ്റ് ഭാരവാഹികൾ പ്രതിഷേധം രേഖപ്പെടുത്തി.

നാട്ടിക ബീച്ചിലെ അദ്ദേഹത്തിന്റ വസതിയിൽ എത്തിയ നേതാക്കളും പ്രവർത്തകരും യോഗം ചേർന്ന് പ്രതിഷേധിച്ചു. വലപ്പാട് യൂണിറ്റ് പ്രസിഡണ്ട് ഷാജി ചാലിശ്ശേരി അധ്യക്ഷത വഹിച്ച യോഗത്തിൽ യൂത്ത് വിങ്ങ് ജില്ലാ പ്രസിഡണ്ട് പ്രതീഷ് പോൾ, ജില്ല സെക്രട്ടറിമാരായ ജോഷി മാത്യു തേറാട്ടിൽ, യൂത്ത് വിങ്ങ് ജില്ലാ ജനറൽ സെക്രട്ടറി നൈസൺ മാത്യു, വൈസ് പ്രസിഡണ്ട് മാരായ വിമൽ രാജ്, വിനോദ് കക്കറ, സെക്രട്ടറിമാരായ പ്രിയൻ എസ് എൻ പുരം, ശ്യാം വിൽ വട്ടം, രതീഷ് ചേർപ്പ്, ആർ.എ. മുഹമ്മദ്, കെ.ജെ .ശ്രീരാജ്, എം.എ രിഹാസ് , അനിൽകുമാർ, യൂസഫ് എന്നിവർ സംസാരിച്ചു. പഞ്ചായത്ത് തെരഞ്ഞെടുപ്പിന്റെ വിജയ ലഹരിയിൽ വ്യാപാരിയുടെ വീടിനു നേരെ നടത്തിയ ആസൂത്രിതമായ ആക്രമണം ഒരിക്കലും വെച്ച് പൊറുപ്പിക്കാൻ കഴിയില്ലെന്നും ജനാധിപത്യ രാജ്യത്ത് തെരഞ്ഞെടുപ്പിൽ പങ്കെടുക്കുവാൻ ഓരോ പൗരനും അവകാശം ഉണ്ടെന്നും എത്രയും വേഗം ഇതിന് നേതൃത്വം നൽകിയ പ്രതികളെ കണ്ടെത്തണമെന്നും ജില്ലാ സെക്രട്ടറി ബിജു എടക്കളത്തൂർ ആവിശ്യപ്പെട്ടു.

തൃശൂരിൽ ഉടുപ്പി ഭക്ഷ്യ മേള 18 മുതൽ

തൃശൂർ: ഉടുപ്പി പാചക വിദഗ് ദ്ധരുടെ രുചി ഭേദം ആസ്വദിക്കാൻ തൃശൂരിൽഅവസരം. കായ ഹോളി, ഗിരി ലഡു, പഞ്ചരത്നം, ഗോദി അലുവ ,ഉടുപ്പി ബട്ടർ മസാല, ദോശ, കടുപ്പ പത്രട, ഹോളി ബജ്ജി, തുടങ്ങിയ ഭഷ്യ പദാർത്ഥങ്ങളാണ് ലഭ്യമാവുക. തൃശൂർ ജില്ല മാധ്വ ധർമ്മസംഘമാണ് മേള സംഘാടകർ. 18 മുതൽ മാരെ പൂങ്കുന്നം സീതാരാമക്ഷേത്രം കല്യാണ മണ്ഡപത്തിലാണ് ഭഷ്യമേള നടക്കുകയെന്ന് , ഭാര വാഹികൾ വാർത്താ സമ്മേളനത്തിലറിയിച്ചു. കാലത്ത് 10 മുതൽ രാത്രി 9 വരെയായിരിക്കും പ്രവർത്തന സമയം. വൈകീട്ട് 4 മുതൽ ഫാസ്റ്റ് ഫുഡ് വിഭാഗവും പ്രവർത്തിക്കും. പാചക ക്ലാസ് ,പ്രഭാഷണം, നൃത്തം സംഗീതാർച്ചന യും ഉണ്ടായിരിക്കും. എം.കെ.ഹരിദാസ് ,എം.വാസുദേവൻ, ശ്രീലത രാമകൃഷ്ണൻ ,ജി വി.സുകുമാരൻ, എൻ. മധു പങ്കെടുത്തു.

ബി ജെ പി വിജയാഹ്ലാദത്തിനിടയിലേക്ക് കടന്ന്കയറിയ ക്രിമിനൽ അക്രമണത്തിനെതിരെ ബി ജെ പി പ്രതിഷേധ മാർച്ച്

ഇരിങ്ങാലക്കുട: കാറളം ആലുംപറമ്പ് സെന്ററിൽ നിന്നും ആരംഭിച്ച പ്രതിഷേധ പ്രകടനം കാറളം പഞ്ചായത്ത് ഓഫീസ്ഗ്രൗണ്ട് എന്നിവിടങ്ങളിലൂടെ വന്ന് കാറളം സെൻറിൽ സമാപിച്ചു.

തുടർന്ന് നടന്ന പ്രതിഷേധ യോഗത്തിൽ പ്രസിഡണ്ട് പ്രിയ അനിൽ അദ്ധ്യക്ഷത വഹിച്ചു.ജില്ല ജനറൽ സെക്രട്ടറി കെ പി ഉണ്ണികൃഷ്ണൻ ഉത്ഘാടനം ചെയ്തു. ജില്ലാ ജനറൽ സെക്രട്ടറി കൃപേഷ് ചെമ്മണ്ട ആമുഖ പ്രസംഗം നടത്തി. മണ്ഡലം പ്രസിഡണ്ട് ഷൈജു കുറ്റിക്കാട്ട്, ജില്ലാ സെക്രട്ടറി ശ്യാംജി മാടത്തിങ്കൽ,മണ്ഡലം വൈസ് പ്രസിഡണ്ട് രാമചന്ദ്രൻ കോവിൽ പറമ്പിൽ,പഞ്ചായത്ത് ജനറൽ സെക്രട്ടറി സുഭാഷ് പുല്ലത്തറ, പ്രവീൺ മാസ്റ്റർ എന്നിവർ സംസാരിച്ചു.ജോയ്സൻ കുരിശിങ്കൽ,ജില്ലാ കമ്മറ്റിയംഗം ഇ കെ അമർദാസ്, ഭരതൻ വെള്ളാനി,ബ്ലോക്ക് മെംബർ അജയൻ തറയിൽ,വാർഡ് മെംബർമാരായ സരിത വിനോദ്, രാജൻ പി,വിജിൽ വിജയൻ,നീതു അനീഷ് , അഞ്ജു സുജിത്ത്, സുവിത,അമൃത എന്നിവർ നേതൃത്വം നൽകി.

സാമൂഹ്യ സുരക്ഷാ പെൻഷൻ 2000 രൂപയാക്കി വർദ്ധിപ്പിച്ചത് അപര്യാപ്തം

പുതുക്കാട്: സാമൂഹ്യ സുരക്ഷ പെൻഷൻ 2000 രൂപയാക്കി വർദ്ധിപ്പിച്ചത് അപര്യാപ്തമെന്ന് സാമൂഹ്യ സുരക്ഷ പെൻഷനേഴ്സ് ജനത എസ് എസ് പി ജെ .

2021ൽ 1500 രൂപയും പിന്നീട് 1600 രൂപയും ആയിരുന്ന സാമൂഹ്യ സുരക്ഷാ പെൻഷൻ തദ്ദേശ തെരഞ്ഞെടുപ്പിന് മുമ്പ് 400 രൂപ മാത്രം വർദ്ധിപ്പിച്ച് 2000 രൂപയാക്കി വർദ്ധിപ്പിച്ചത് അപര്യാപ്തമാണെന്ന് സാമൂഹ്യ സുരക്ഷാ പെൻഷനേഴ്സ് ജനത എസ് എസ് പി ജെ സംസ്ഥാന കമ്മിറ്റി യോഗം അഭിപ്രായപ്പെട്ടു ജീവിത ചെലവുകളിൽ ഉണ്ടായ വർദ്ധനവ് പരിഗണിക്കുമ്പോൾ 400 രൂപ മാത്രം വർദ്ധിപ്പിച്ചത് തികച്ചും അപര്യാപ്തമാണ് മിനിമം പെൻഷൻ 3000 രൂപയായും 75 വയസ്സ് കഴിഞ്ഞവർക്കും ഭിന്നശേഷിക്കാർക്കും പെൻഷൻ 5000 രൂപയാക്കിയും വർദ്ധിപ്പിക്കണമെന്ന് യോഗം ആവശ്യപ്പെട്ടു സാമൂഹ്യ സുരക്ഷാ പെൻഷൻകാർക്ക് ചികിത്സ സഹായ പദ്ധതിയും അർബുദ രോഗങ്ങൾ ഉൾപ്പെടെയുള്ള മാരക രോഗങ്ങൾക്ക് ചികിത്സയ്ക്ക് മുമ്പുള്ള ടെസ്റ്റുകൾ നടത്തുന്നതിനുള്ള സഹായ പദ്ധതിയും നടപ്പിലാക്കണമെന്നും യോഗം ആവശ്യപ്പെട്ടു.

തെരഞ്ഞെടുപ്പുകളിൽ പരാജയം ഉണ്ടാകുമ്പോൾ തുച്ഛമായ പെൻഷൻ വാങ്ങിക്കുന്ന സാമൂഹ്യ സുരക്ഷ പെൻഷൻക്കാരെ അധിക്ഷേപിക്കുന്നത് അവസാനിപ്പിക്കണമെന്നും യോഗം ആവശ്യപ്പെട്ടു സാമൂഹ്യ സുരക്ഷാ പെൻഷൻകാർക്കും വ്യത്യസ്തമായ രാഷ്ട്രീയ ക്കാഴ്ച പാടുകൾ ഉണ്ട് . യോഗം സംസ്ഥാന രക്ഷാധികാരി അഡ്വക്കേറ്റ് ഷാജൻ മഞ്ഞളി ഉദ്ഘാടനം ചെയ്തു.

സംസ്ഥാന പ്രസിഡണ്ട് അഡ്വക്കേറ്റ് ജോക്കിൻ എ പെരേര അധ്യക്ഷത വഹിച്ചു തൃശ്ശൂർ ജില്ലാ പ്രസിഡണ്ട് എൻ കെ രവീന്ദ്രൻ ജനറൽ സെക്രട്ടറി ഐ പി കുട്ടൻ സംസ്ഥാന കോഡിനേറ്റർ അഡ്വക്കേറ്റ് ടി ഐ സേവിയർ അബ്ദുൽ മനാഫ് എ എൽ പോൾ കെ കെ സിദ്ധാർത്ഥൻ ഓമന ഏരി ഹരിദാസ് വയനാട് എ എ റപ്പായി വി ആർ അന്തോണി ടി എ കുര്യൻ പി വി അനിൽകുമാർ തുടങ്ങിയവർ സംസാരിച്ചു

കെ.പി. വിശ്വനാഥൻ കരുത്തിന്റെയും ധീരതയുടെയും പ്രതീകം: അഡ്വ. ജോസഫ് ടാജറ്റ്

തൃശൂർ: സംസ്ഥാന രാഷ്ട്രീയത്തിലെ കരുത്തിന്റെയും ധീരതയുടെയും പ്രതീകമായിരുന്നു കെ.പി. വിശ്വനാഥനെന്ന് ഡി.സി.സി പ്രസിഡന്റ് അഡ്വ. ജോസഫ് ടാജറ്റ് പറഞ്ഞു.

മുൻ മന്ത്രി കെ.പി വിശ്വനാഥന്റെ രണ്ടാം ചരമവാർഷികത്തോടനുബന്ധിച്ച് ജില്ലാ കോൺഗ്രസ് കമ്മിറ്റി ഓഫീസിൽ സംഘടിപ്പിച്ച അനുസ്മരണ ചടങ്ങ് ഛായചിത്രത്തിൽ പുഷ്പാർച്ചന നടത്തി ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.

താഴെത്തട്ടിൽ നിന്നും വളർന്നുവന്ന കോൺഗ്രസിന്റെ സമുന്നത നേതാവായി മാറി കെ.പി എന്നും പ്രവർത്തകർക്കൊപ്പം ഉറച്ചു നിന്നു. നിലപാടുകളായിരുന്ന കെ.പിയുടെ പൊതുജീവിതത്തിന്റെ കൊടിയാടയാളം അതിന്റെ തെളിവാണ് ഹൈക്കോടതി പരാമർശത്തെ തുടർന്ന് മന്ത്രി സ്ഥാനത്ത് നിന്നുള്ള രാജി. വനം മന്ത്രിയായിരിക്കെ കേരളത്തിലെ കഞ്ചാവ് ലോബിയെ തകർക്കുന്നതിൽ അദ്ദേഹം വഹിച്ച പങ്ക് ചെറുതല്ല. എല്ലാ പ്രതിസന്ധികളെയും തരണം ചെയ്ത് മന്ത്രിയെന്ന നിലയിൽ മല കയറി കഞ്ചാവ് ചെടികൾ പിഴുതെറിഞ്ഞു.ലഹരി മാഫിയ സംസ്ഥാനത്ത് വീണ്ടും പിടിമുറുക്കുമ്പോൾ കെ പി വിശ്വനാഥന്റെ ഇടപെടലുകൾ ശ്രദ്ധേയമാണ്. രാഷ്ട്രീയ പ്രതിസന്ധികളിൽ നെഞ്ച് വിരിച്ച് നിന്ന് പോരാടിയ കെ.പി.യെ പോലുള്ള നേതാക്കളുടെ അസാന്നിധ്യം ജില്ലാ രാഷ്ട്രീയത്തിൽ ശ്രദ്ധേയമാണെന്നും അഡ്വ. ജോസഫ് ടാജറ്റ് കുട്ടിച്ചേർത്തു.

നേതാക്കളായ എം.പി വിൻസെന്റ്, ടി.വി ചന്ദ്രമോഹൻ, കെ.വി.ദാസൻ, കെ.ബി ശശികുമാർ, ഐ.പി പോ